No. 005/2012/CL Dated: 15.11.2012 Latin Archdiocese of Trivandrum, Vellayambalam

# വാഴ്ത്തപ്പെട്ട ദേവസഹായം പിള്ള

*ദൈവത്തിനു സ്തുതി!*
*ദൈവജനത്തിനു സമാധാനം!*

***വന്ദ്യ വൈദികരേ, പ്രിയ മക്കളേ,***

“ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു” (ലൂക്ക. 2, 10); ഈ വിശ്വാസ വർഷത്തിൽ വിശ്വാസ ജീവിതത്തിന് ഒരു മാതൃകയായി നമുക്ക് ഒരു വിശുദ്ധനെ ലഭിച്ചിരിക്കുന്നു. സാർവ്വത്രിക സഭ നമ്മിലൊരുവനായിരുന്ന ദേവസഹായം പിള്ളയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുകയാണ്. 2012 ഡിസംബർ മാസം 2-ാം തീയതി കോട്ടാർ ഭദ്രാസന ദേവാലയാങ്കണത്തിൽ വച്ചാണ് അനേകം കർദ്ദിനാളന്മാരുടെയും മെത്രാന്മാരുടെയും വമ്പിച്ച ജനാവലിയുടെയും സാന്നിദ്ധ്യത്തിൽ ദേവസഹായം പിള്ളയുടെ നാമകരണ ചടങ്ങുകൾ നടക്കുന്നത്. അന്ന് ദിവ്യബലിയോടനുബന്ധിച്ച് നമ്മുടെ എല്ലാ ദേവാലയങ്ങളിലും കൂട്ടമണിയടിക്കുകയും സ്തോത്രഗീതം (Te Deum) ആലപിക്കുകയും ചെയ്തുകൊണ്ട് ഈ സന്തോഷവാർത്ത വിളംബരം ചെയ്യേണ്ടതാണ്.

ദേവസഹായം പിള്ളയുടെ രക്തസാക്ഷിത്വത്തിനും നാമകരണത്തിനും ഏറ്റവുംപ്രധാനപ്പെട്ട തെളിവായി റോമിലെ തിരുസംഘം സ്വീകരിച്ചിരിക്കുന്നത് കൊച്ചി രൂപതയുടെ അന്നത്തെ മെത്രാനായിരുന്ന അഭിവന്ദ്യ ക്ലെമൻസ് ജോസഫ് പരിശുദ്ധ



പിതാവ് ബനഡിക്ട് 14-ാമന് എഴുതിയ എഴുത്തിലെ വിശദ വിവരങ്ങളാണ്. ഈ എഴുത്ത് അദ്ദേഹം എഴുതിയിരിക്കുന്നത് 1756 നവംബർ മാസം 15-ാം തിയതി അന്ന് കൊച്ചി രൂപതയുടെ ഭാഗമായിരുന്ന നമ്മുടെ അതിരൂപതയിലെ അഞ്ചുതെങ്ങ് ഇടവകയിൽ താമസിക്കുന്ന അവസരത്തിലാണ്. ഈ എഴുത്തിന്റെ 256-ാം വാർഷികം ഏതാനും ദിവസങ്ങൾക്കുമുമ്പ് അഞ്ചുതെങ്ങിൽ വച്ചു നടന്ന ഭക്തി നിർഭരമായ ഒരു ചടങ്ങിൽവച്ച് അനുസ്മരിക്കുകയും ദൈവത്തിനു നന്ദിപറയുകയും ചെയ്യുകയുണ്ടായി. അഞ്ചുതെങ്ങ് കോട്ടയിൽ വച്ച് അദ്ദേഹം പീഡനങ്ങൾ സഹിച്ചതായും രേഖകളുണ്ട്. നമ്മുടെ അതിരൂപതയുമായി വളരെയേറെ ബന്ധപ്പെട്ടു നിൽക്കുന്ന വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയുടെ വിശ്വാസ മാതൃകയെക്കുറിച്ച് ആഴമായി ധ്യാനിക്കാനും അദ്ദേഹത്തിന്റെ വിശ്വാസസ ചൈതന്യം ജീവിതത്തിൽ പകർത്തുവാനും മറ്റാരെയുംകാൾ മുന്നോട്ടുവരേണ്ട ചുമതല നമുക്കുണ്ട്.

300 കൊല്ലങ്ങൾക്കു മുമ്പ് (1712-ൽ) കന്യാകുമാരി ജില്ലയിലെ മാർത്താണ്ഡത്തിനു സമീപമുള്ള നട്ടാലം എന്ന ഗ്രാമത്തിലാണ് നീലകണ്ഡപിള്ള ജനിച്ചത്. ബാല്യം മുതൽക്കേ വിവിധ ഭാഷകൾക്കും, പാഠ്യവിഷയങ്ങൾക്കും പുറമേ ആയുധാഭ്യാസത്തിലും പ്രാവീണ്യം നേടുവാൻ അദ്ദേഹത്തിനു സാധിച്ചു. ഭാർഗ്ഗവിയമ്മ എന്ന സ്ത്രീരത്നത്തെ വിവാഹം കഴിച്ച് അദ്ദേഹം കുടുംബ ജീവിതം ആരംഭിച്ചു. സമർത്ഥനും, സൽസ്വഭാവിയും, സേവനതല്പരനുമായ അദ്ദേഹത്തിന് അന്നത്തെ തിരുവിതാംകൂർ മഹാരാജാവായിരുന്ന മാർത്താണ്ഡവർമ്മയുൾപ്പെടെ അനേകരുടെ ശ്രദ്ധ പിടിച്ചു പറ്റാൻ സാധിച്ചു. മഹാരാജാവ് അദ്ദേഹത്തെ പല ഉത്തരവാദിത്വങ്ങളുമേല്പിച്ചു.

കുളച്ചൽ യുദ്ധത്തിനുശേഷം മാർത്താണ്ഡവർമ്മ മഹാരാജാവ് ആദ്യം തടവുകാരനാക്കുകയും പിന്നെ തന്റെ തന്നെ മുഖ്യ സൈന്യാധിപനാക്കുകയും ചെയ്ത ഡച്ചു സൈന്യാധിപൻ ഡിലനോയിയെക്കുറിച്ച് നാം കേട്ടിട്ടുണ്ട്. ഉത്തമ കത്തോലിക്കനായ ഡിലനോയിയുമായുള്ള സമ്പർക്കമാണ് ക്രിസ്തുവിനെക്കുറിച്ച് അറിയുവാനും ക്രിസ്തുവിന്റെ വ്യക്തി



ത്വത്തിൽ ആകൃഷ്ടനായി ക്രിസ്തുമതം സ്വീകരിക്കുവാനും നീലകണ്ഡപിള്ളയെ പ്രേരിപ്പിച്ചത്. 33-ാമത്തെ വയസ്സിൽ (1745-ൽ) ദേവസഹായം എന്ന പുതിയ പേരിൽ അദ്ദേഹം ജ്ഞാനസ്നാനം സ്വീകരിച്ചു. അദ്ദേഹത്തിന്റെ ജ്ഞാനസ്നാനം വെറുമൊരു ചടങ്ങായിരുന്നില്ല. അപ്പസ്തോലിക തീക്ഷണതയോടെ അദ്ദേഹം യേശു അനുഭവം എല്ലാവരുമായി പങ്കുവയ്ക്കുവാൻ തുടങ്ങി. പ്രാർത്ഥനയിലൂടെയും, കൗദാശിക ജീവിതത്തിലൂടെയും, ജീവകാരുണ്യ പ്രവൃത്തികളിലൂടെയും അദ്ദേഹം അനുദിനം വിശുദ്ധിയിൽ വളർന്നുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ജീവിത മാതൃക അനേകരെ സ്വാധീനിക്കുകയും സ്വന്തം ഭാര്യയടക്കം പലരെയും മാനസാന്തരപ്പെടുത്തുകയും ചെയ്തു. ഇന്നത്തേക്കാൾ കൂടുതലായി ജാതീയമായ വേർതിരിവുകളും ഉച്ചനീചത്വങ്ങളും സമൂഹത്തെ ഗ്രസിച്ചിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. ദൈവം എല്ലാവരുടെയും പിതാവും മനുഷ്യരെല്ലാം സഹോദരങ്ങളുമാണെന്ന സത്യത്തിനുവേണ്ടി ദേവസഹായം പിള്ള നിലകൊണ്ടു. ഈ അവബോധം പ്രത്യേകിച്ചും ധാരാളം താഴ്ന്ന ജാതിക്കാരെ ക്രിസ്തുമതം സ്വീകരിക്കുവാൻ പ്രേരിപ്പിച്ചു. ജാതിരഹിത സമൂഹത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള ദേവസഹായം പിള്ളയുടെ നിലപാടുകൾ ക്രിസ്തു മതത്തെ പുച്ഛമനോഭാവത്തോടെ വീക്ഷിക്കുകയും ജാതി വ്യവസ്ഥിതി മുറുകെ പിടിക്കുകയും ചെയ്തിരുന്നവർക്കൊക്കെ ഒരു വലിയ ഭീഷണിയായി അനുഭവപ്പെട്ടു. ഇതിൽ നിന്നും ദേവസഹായം പിള്ളയെ പിന്തിരിപ്പിക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടപ്പോൾ അവർ അദ്ദേഹത്തിനെതിരായി ഉന്നതന്മാരുടെ അനുമതിയോടെ പീഡനങ്ങൾ അഴിച്ചുവിട്ടു.

ദേവസഹായം പിള്ളയെ അപമാനിക്കാനും ജനങ്ങളെ മാനസാന്തരത്തിൽ നിന്നും പിന്തിരിപ്പിക്കുവാനുമായി അവർ അദ്ദേഹത്തെ എരുമപ്പുറത്തിരുത്തി കൈകാലുകൾ ചങ്ങല കൊണ്ടു ബന്ധിച്ച് കഴുത്തിൽ ദുർഗന്ധം വമിക്കുന്ന എരുക്കുമാല ചാർത്തി പെരുമ്പറ നാദത്തിന്റെയും ഭടന്മാരുടെയും വാളോങ്ങിയ ആരാച്ചാരന്മാരുടെയും അകമ്പടിയോടെ



നാടുനീളെ പ്രദർശിപ്പിച്ചു. പലപ്പോഴും ക്രൂരമായി അവർ അദ്ദേഹത്തെ പീഡിപ്പിച്ചു; മുറിവുകളിൽ മുളകുപൊടി തേച്ചു; ചുട്ടുപഴുത്ത ചുണ്ണാമ്പു ചൂളയിലിരുത്തി ശ്വാസം മുട്ടിച്ചു; ദാഹശമനത്തിനായി മാലിന്യം നിറഞ്ഞ കുഴമ്പു രൂപത്തിലുള്ള വെള്ളം നൽകി. എന്നാൽ ഈ പീഡനങ്ങൾ കൊണ്ടൊന്നും അദ്ദേഹം തളർന്നുപോയില്ല. നിരന്തരമായ പ്രാർത്ഥനയായിരുന്നു അദ്ദേഹത്തിന്റെ ശക്തി സ്രോതസ്സ്; വെള്ളിയാഴ്ചയും ശനിയാഴ്ചയും അദ്ദേഹം സ്വമേധയാ ഉപവസിച്ചിരുന്നു; സൗകര്യം കിട്ടുമ്പോഴെല്ലാം ആത്മീയ പുസ്തകങ്ങൾ വായിക്കുവാനും തന്റെ പക്കലേക്കു വരുന്നവരെയെല്ലാം സ്നേഹപൂർവ്വം ഉപദേശിക്കുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ക്രൂരമായ പീഡനങ്ങൾക്കിടയിലും വിശ്വാസത്തിൽ ഉറച്ചു നിന്ന അദ്ദേഹത്തിന്റെ ജീവിത മാതൃക ഇനിയും അനേകംപേരെ മാനസാന്തരപ്പെടുത്തുമോ എന്ന ഭയം നിമിത്തം അധികാരികൾ 40 വയസ്സുള്ള അദ്ദേഹത്തെ 1752 ജനുവരി 14-ാം തിയതി അർദ്ധരാത്രി വെടിവച്ചുകൊല്ലാൻ കല്പന കൊടുത്തു. നിറതോക്കിൽ നിന്നും അഞ്ചുവെടിയുണ്ടകളേറ്റ അദ്ദേഹം “യേശുവേ എന്നെ രക്ഷിക്കണമേ” എന്ന് ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് തന്റെ ആത്മാവിനെ ദൈവതിരുക്കരങ്ങളിൽ സമർപ്പിച്ചു.

വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയുടെ ജീവിത പശ്ചാത്തലത്തിൽ എന്റെയും നിങ്ങളുടെയും ആത്മപരിശോധനയ്ക്കായി ഒന്നു രണ്ടു കാര്യങ്ങൾ ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. ഹൈന്ദവ മാതാപിതാക്കളിൽ നിന്നു ജനിക്കുകയും ആ മതാചാരങ്ങളനുസരിച്ച് 33 കൊല്ലം വളർന്നു വരികയും ചെയ്ത ദേവസഹായം പിള്ളയ്ക്ക് വെറും 7 കൊല്ലങ്ങൾ മാത്രമേ ഒരു ക്രിസ്ത്യാനിയായി ജീവിക്കാൻ ഭാഗ്യം ലഭിച്ചുള്ളൂ. എങ്കിലും നൂറ്റാണ്ടുകളായി ക്രൈസ്തവ പാരമ്പര്യമുണ്ടെന്ന് അഭിമാനിക്കുന്ന നമുക്കാർക്കും സാധിക്കാത്ത രീതിയിൽ ചുരുങ്ങിയ സമയം കൊണ്ട് വലിയൊരു വിശുദ്ധനാകുവാൻ ദേവസഹായം പിള്ളയ്ക്ക് സാധിച്ചു.ആരുമാരുമറിയാതെ വിശുദ്ധ ജീവിതം നയിക്കുന്നവർ നമ്മുടെയിടയിലും ധാരാളമുണ്ട്. എങ്കിലും ദേവസഹായം പിള്ളയെപ്പോലെ എന്തു ത്യാഗം സഹിച്ചും

ക്രിസ്തീയ മൂല്യങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നതിനുപകരം നമ്മുടെ സമൂഹങ്ങളിൽ ഇന്ന് വർദ്ധിച്ചു വരുന്ന വെറുപ്പും, വിദ്വേഷവും, പ്രതികാര മനോഭാവവും, അട്ടഹാസങ്ങളും, വെട്ടിപ്പും, തട്ടിപ്പും, ചൂഷണവും, മദ്യപാനവും, രക്തച്ചൊരിച്ചിലുമൊക്കെ സാക്ഷ്യത്തിനു പകരം എതിർ സാക്ഷ്യങ്ങളല്ലേ നല്കിക്കൊണ്ടിരിക്കുന്നത്? വിശുദ്ധിയിൽ വളരാനുള്ള ആത്മാർത്ഥമായ ആഗ്രഹവും അതിനുവേണ്ടിയുള്ള നിരന്തരമായ പരിശ്രമവുമില്ലെങ്കിൽ നാം എന്തിന് പ്രാർത്ഥിക്കുകയും കൂദാശകൾ സ്വീകരിക്കുകയും ക്രിസ്ത്യാനികളെന്ന പേരിൽ ജീവിക്കുകയും ചെയ്യുന്നു? നമ്മുടെ ഇടവകകളെയും കുടുംബകൂട്ടായമകളെയും സ്നേഹ സമൂഹങ്ങളായി രൂപാന്തരപ്പെടുത്തുവാൻ നാമോരോരുത്തരും വിചാരിച്ചാൽ സാധിക്കുകയില്ലേ? വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയുടെ മാതൃകയും മാദ്ധ്യസ്ഥ്യവും അതിനുവേണ്ട പ്രചോദനം നമുക്കുതരേണ്ടതല്ലേ? നമ്മുടെ മക്കളെല്ലാം ഡോക്ടർമാരും, എഞ്ചിനീയർമാരും ഉന്നതഭരണകർത്താക്കളുമൊക്കെ ആയാൽ മതിയോ? അവരെ വിശുദ്ധിയിൽ വളർത്തണ്ടേ? നമ്മളും അവരും വിശുദ്ധരാകണ്ടേ?

നമ്മുടെ ആത്മപരിശോധനയ്ക്ക് വിഷയമാകേണ്ട മറ്റൊരു കാര്യമിതാണ്. വിവിധ ജാതികളും സമുദായങ്ങളും അവരവരുടെ സംസ്ക്കാരവും പാരമ്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുവാനുള്ള അതിരുകടന്ന വ്യഗ്രതയിൽ പലപ്പോഴും മാനുഷിക മൂല്യങ്ങൾ അവഗണിച്ച് മറ്റു ജാതികളെയും സമുദായങ്ങളെയും അവഗണിക്കുകയും അടിച്ചമർത്തുകയും ശത്രുതാ മനോഭാവത്തോടും പുച്ഛമനോഭാവത്തോടും വീക്ഷിക്കുകയും ചെയ്യുന്ന ഒരവസ്ഥാവിശേഷം ഇന്നും നിലനിൽക്കുന്നുണ്ട്. പരസ്പരം ഭിന്നിപ്പിക്കുന്ന തിന്മകളെ അതിജീവിച്ച് എല്ലാ സമുദായങ്ങളെയും ഒന്നിപ്പിക്കുന്ന നന്മകളെ ഉൾക്കൊള്ളുവാനുള്ള ഒരു ആഹ്വാനമാണ് വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയുടെ ജീവിതം നമുക്കു നല്കുന്നത്. അദ്ദേഹം നായർ സമുദായത്തിലെ ഒരു അംഗമായിരുന്നു. പ്രബലമായ ഈ സമുദായത്തിൽ നിന്നും വിരലിലെണ്ണാവുന്നവർ മാത്രമേ സഭാംഗങ്ങളായുള്ളൂ. എങ്കിലും



തെക്കൻ തിരുവിതാംകൂറിൽ നൂറ്റാണ്ടുകളായി നമ്മുടെ ജാതിയിൽപ്പെട്ട നിരവധി ക്രൈസ്തവരുണ്ടായിരുന്നിട്ടും ലോകത്തിലെ എല്ലാ കത്തോലിക്കരും വണങ്ങുന്ന വിശുദ്ധരുടെ നിരയിലേക്ക് ആദ്യമായി ഉയർത്തപ്പെടുന്നത് നായർ സമുദായത്തിലെ ഒരംഗമാണ്; അതും ഒരു അല്മായനാണ്. യഹൂദന്മാരുടെ ഒരു ചെറിയ വിഭാഗം യേശുവിനെ ക്രൂശിച്ചതുപോലെ, ആദിമസഭയിൽ പൗലോസ് സഭയെ പീഡിപ്പിച്ചതുപോലെ, ചരിത്രത്തിലെ പല ഘട്ടങ്ങളിലും ക്രൈസ്തവരിലെ ഒരു ചെറു വിഭാഗം ക്രൈസ്തവരെയും മറ്റുള്ളവരെയും പീഡിപ്പിച്ചതുപോലെ നായർ സമുദായത്തിലെ ഒരു കൂട്ടം ആളുകൾ ദേവസഹായം പിള്ളയെയും പീഡിപ്പിച്ചു. എങ്കിലും ദേവസഹായം പിള്ളയെ ഒരു വിശുദ്ധനാക്കുന്നതിൽ ബാല്യകാലം മുതലേ നായർ സമുദായത്തിൽ നിന്നും അദ്ദേഹം ആർജ്ജിച്ചെടുത്ത അടിസ്ഥാനമൂല്യങ്ങളും ഏറെ സഹായിച്ചിട്ടുണ്ട്. ഇന്നു നമ്മുടേതെന്നു പറയാവുന്ന ഒരു വിശുദ്ധനെ നമുക്കും സാർവ്വത്രിക സഭയ്ക്കും ലഭിച്ചതിന് നായർ സമുദായത്തോട് നാം ഏറെ കടപ്പെട്ടിരിക്കുന്നു.

ഇന്നു സാർവ്വത്രിക സഭ ക്രിസ്തുരാജന്റെ മഹോത്സവം ആഘോഷിക്കുന്നു. ക്രിസ്തുവും അവിടുത്തെ രാജ്യവും ക്രിസ്ത്യാനികളുടെ മാത്രം കുത്തകയല്ല, ജാതി മത ഭേദമന്യേ എല്ലാവരുടെയും അവകാശമാണ്. വിശുദ്ധിയുള്ളവർക്കു മാത്രമേ ദൈവരാജ്യത്തിൽ പ്രവേശിക്കാൻ സാധിക്കുകയുള്ളൂ. വിശുദ്ധിയുടെ മാതൃക നമുക്കു കാണിച്ചു തരുവാനാണ്, വിശുദ്ധിയുടെ മാർഗ്ഗം നമ്മെ പഠിപ്പിക്കുവാനാണ്, വിശുദ്ധരാകാൻ നമ്മെ സഹായിക്കുവാനാണ് യേശു വന്നത്. സ്നേഹത്തിന്റെയും, ത്യാഗത്തിന്റെയും പ്രതീകമായ കുരിശിന്റെ പാതയാണ് വിശുദ്ധിയിലേക്കുള്ള മാർഗ്ഗമായി യേശു നമുക്കു കാണിച്ചു തരുന്നത്: "എന്നെ പ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും, പീഡിപ്പിക്കുകയും എല്ലാവിധ തിന്മകളും നിങ്ങൾക്കെതിരായി വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ; സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും"(മത്താ. 8:11-12). യേശുവിനെ



അനുകരിച്ച് സഹനത്തിലൂടെ മഹത്വത്തിലേക്ക് (ലൂക്കാ. 24:11-12), ദൈവരാജ്യത്തിലേക്ക് പ്രവേശിച്ച വ്യക്തിയാണ് ദേവസഹായം പിള്ള.

അതുകൊണ്ട് ദീർഘമായ ക്രൈസ്തവ പാരമ്പര്യങ്ങളിൽ അഹങ്കരിക്കാതെ സുകൃത സമ്പന്നമായ ഒരു ജീവിതത്തിലൂടെ വിശ്വാസത്തിലും വിശുദ്ധിയിലും വളരുവാൻ വേണ്ട അനുഗ്രഹത്തിനായി വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയുടെ മാദ്ധ്യസ്ഥ്യത്തിലൂടെ നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം....
ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

*സ്നേഹത്തോടെ*

*† സൂസപാക്യം എം.*
*തിരുവനന്തപുരം മെത്രാപ്പോലീത്ത*

*വെള്ളയമ്പലം*
*15.11.2012*

**NB:** ഈ ഇടയലേഖനം നവംബർ മാസം 25-ാം തിയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിച്ചു വിശദീകരിക്കേണ്ടതാണ്.